കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## പെരുമാട്ടി ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

E-mail:-dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.പി.കെ.ഡി.11-1322/2017 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
തീയതി-02/09/2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പെരുമാട്ടി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പെരുമാട്ടി ഗ്രാമപഞ്ചായത്ത് -2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുമാട്ടി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.പി.കെ.ഡി.11-1322/2017 തിയ്യതി- 02/09/2017

# പാലക്കാട് ജില്ലയിലെ പെരുമാട്ടി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പെരുമാട്ടി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 31.10.2016 മുതൽ 16.06.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.കെ.എൻ. വാസുദേവൻ
ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 17.06.2017 മുതൽ 23.06.2017 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീമതി.പി.സുജാത | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.എ.സുജാത | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി.എം.വി.ബീന | ഓഡിറ്റർ |

| | |
|---|---|
| കുമാരി.പി.കാർത്തിക | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.മാരിമുത്തു.ജി. | 1.4.16 മുതൽ 31.3.17 വരെ |
| സെക്രട്ടറി | ശ്രീ.മഹേഷ് കുമാർ.എസ്. | 1.4.16 മുതൽ 30.9.16 വരെ |
| | ശ്രീമതി.അമിത.സി.ഒ. | 30.9.16AN മുതൽ 20.10.16 വരെ |
| | ശ്രീമതി.രാധ.എൻ.<br>(സെക്രട്ടറി ഇൻ ചാർജ്) | 20.10.16AN മുതൽ 18.11.16 വരെ |
| | ശ്രീ.മഹേഷ് കുമാർ.എസ്. | 18.11.16AN മുതൽ 21.11.16 വരെ |
| | ശ്രീമതി.രാധ.എൻ.<br>(സെക്രട്ടറി ഇൻ ചാർജ്) | 21.11.16AN മുതൽ 22.12.16 വരെ |
| | ശ്രീമതി.ബീഗം സൈന | 22.12.16 മുതൽ 25.1.17 വരെ |
| | ശ്രീമതി.രാധ.എൻ<br>(സെക്രട്ടറി ഇൻ ചാർജ്) | 25.1.17AN മുതൽ 6.2.17 വരെ |
| | ശ്രീമതി.ബീഗം സൈന | 6.2.17AN മുതൽ 31.3.17 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീ.ജോസഫ് റെഫിൻ ജെഫ്രി | 1.4.16 മുതൽ 31.5.16 വരെ |

| | | |
|---|---|---|
| | ശ്രീ.അഭിലാഷ്.ബി. | 31.5.16AN മുതൽ 14.10.16 വരെ |
| | ശ്രീമതി.സൂര്യ.എം.എസ്. | 14.10.16AN മുതൽ 31.3.17 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ഷമിത.പി. | 1.4.16 മുതൽ 31.3.17 വരെ |
| പ്രധാനാദ്ധ്യാപിക, GUPS, പാറക്കളം | ശ്രീമതി. മീന (ഇൻ ചാർജ്) | 1.4.16 മുതൽ 20.6.16 വരെ |
| | ശ്രീമതി.ഷാജ്ജന്നീസ | 20.6.16AN മുതൽ 31.3.17 വരെ |
| വി.ഇ.ഒ. പെരുമാട്ടി | ശ്രീമതി.സുമേഷ്.എം. | 1.4.16 മുതൽ 31.3.17 വരെ |
| വി.ഇ.ഒ. എലപ്പുള്ളി | ശ്രീ.നവനീത് | 1.4.16 മുതൽ 6.10.16 വരെ |
| | ശ്രീ.നീജാമുദ്ദീൻ | 6.10.16AN മുതൽ 31.3.17 വരെ |
| ഐ.സി.ഡി എസ് സൂപ്പർവൈസർ | ശ്രീമതി.ശശികല.കെ.എൻ | 1.4.16 മുതൽ 28.2.17 വരെ |
| | ശ്രീമതി.ഹീര | 28.2.17AN മുതൽ 31.3.17 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ശിവാനന്ദ്.ആർ. | 1.4.16 മുതൽ 25.7.16 വരെ |
| | തസ്തിക ഒഴിവ് | 25.7.16AN മുതൽ 30.1.16വരെ |
| | ശ്രീ.സിറോഷ്.എസ്. | 30.1.16AN മുതൽ 17.8.16 വരെ |
| | ശ്രീ.രാധ.എൻ | 17.8.16AN മുതൽ 31.3.17 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.ലിമി.ജോസ് | 1.4.16 മുതൽ 16.8.16 വരെ |
| | ഡോ.റിയാസ് | 16.8.16AN മുതൽ 31.3..17 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ. രാജാഹരിപ്രസാദ് | 1.4.16 മുതൽ 31.3.17 വരെ |
| വെറ്ററിനറി സർജൻ | ഡോ.ഷെമി.വി.എസ്. | 1.4.16 മുതൽ 31.3.17 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 29.3.16 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.7.2017 | 16.6.17 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - ₹. 15578154.00

വരവ് - ₹. 88620478.00

ആകെ - ₹. 104198632.00

ചെലവ് - ₹. 81529029.00

നീക്കിയിരിപ്പ് - ₹. 22669603.00

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് (അലോട്ട്മെന്റ്) | ആകെ | ചെലവ് | ലാപ്സായ തുക | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 0 | 19359438 | 19359438 | 15015573 | 4343865 | 0 | 77 |
| വികസനഫണ്ട് എസ്.സി.പി | 0 | 9754143 | 9754143 | 9751611 | 2532 | 0 | 99.9 |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 4019454 | 4019454 | 2779187 | 1240267 | 0 | 69 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 10862109 | 10862109 | 0 | 10862109 | 0 | 0 |
| സംരക്ഷണഗ്രാന്റ് \ നോൺ റോഡ് | 0 | 5059953 | 5059953 | 4426438 | 633515 | 0 | 87.48 |
| 13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 10856380 | 10856380 | 8908755 | 1947625 | 0 | 82 |
| പെർഫോമൻസ് ഗ്രാന്റ് (central) | 0 | 4191275 | 4191275 | 1924984 | 2266291 | 0 | 45.9 |
| പെർഫോമൻസ് ഗ്രാന്റ് (State) | 0 | 1494339 | 1494339 | 1423788 | 70551 | 0 | 95.27 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 136 | 69370463 | 74 | 42779304 | 62 | 54% |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 3 | 4449926 | 4449926 | 100 |
| വെറ്ററിനറി സർജൻ | 0 | 0 | 0 | 0 | |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 6 | 4 | 974903 | 565229 | 58 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 1 | 1 | 1000000 | 1000000 | 100 |
| വി.ഇ.ഒ. | 14 | 10 | 13385824 | 10545824 | 79 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 4 | 4 | 3931726 | 3881411 | 99 |

| | | | | | |
|---|---|---|---|---|---|
| സെക്രട്ടറി | 15 | 12 | 3693884 | 3397508 | 92 |
| പ്രധാനാദ്ധ്യാപിക, GUPS, പാറക്കളം | 1 | 1 | 615939 | 615939 | 100 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 75 | 22 | 28027739 | 8435871 | 30 |
| അസിസ്റ്റന്റ് സെക്രട്ടറി | 16 | 16 | 12136561 | 8743480 | 72 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 1153961 | 1144116 | 99 |
| | 136 | 74 | 69370463 | 42779304 | 61.66 |

# 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 71.40% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. തനതു വരുമാന വർദ്ധനവ് പ്രശംസനീയമാണ്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3297557 | 6197698 | 2900141 | (+)87.95 |
| നികുതിയേതര വരവുകൾ | 525535 | 1931492 | 1405957 | (+)267 |
| മറ്റുവരവുകൾ | 1085477 | 284126 | 801351 | (-)73.82 |
| ആകെ | 4908569 | 8413316 | 3504747 | (+)71.40 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി | 2016-17 ൽ ലഭിച്ച | നിശ്ചിത ദിവസത്തി | നിരസിച്ചവ | 2016-17ൽ തീർപ്പാക്കാൻ | റിമാർക്ക്സ് |
|---|---|---|---|---|---|---|

| | | അപേക്ഷ കൾ | നകം തീരുമാന മെടുത്തവ | | അവശേഷി ക്കുന്നവ | |
|---|---|---|---|---|---|---|
| 1 | കർഷക ത്തൊഴിലാളി പെൻഷൻ | 20 | 11 | 5 | 2 | മാർച്ചിനു ശേഷം പരിഹരിച്ചു |
| 2 | തൊഴിൽ രഹിത വേതനം | 14 | 7 | 5 | 2 | മാർച്ചിനു ശേഷം പരിഹരിച്ചു |
| 3 | വിധവാ പെൻഷൻ | 207 | 191 | 7 | 9 | മാർച്ചിനു ശേഷം പരിഹരിച്ചു |
| 4 | വികലാംഗ പെൻഷൻ | 18 | 9 | 1 | 8 | മാർച്ചിനു ശേഷം പരിഹരിച്ചു |
| 5 | അവിവാഹിത രായ സ്ത്രീകൾ ക്കുള്ള പെൻഷൻ | 16 | 15 | 1 | 0 | മാർച്ചിനു ശേഷം പരിഹരിച്ചു |
| 6 | വാർദ്ധക്യ കാല പെൻഷൻ | 594 | 522 | 23 | 49 | ഗ്രാമസേവകൻ അന്വേഷണം പൂർത്തീകരിച്ച് തിരികെ നൽകിയിട്ടില്ല |

# 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.5.17 | 1.4.17 മുതൽ 30.4.17 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.6.15 മുതൽ 10.7.15 വരെ | 2010-11 മുതൽ 2014-15 വരെ | നം.എൽ.ബി.എ. (എച്ച്.ക്യൂ) IV/8-ബി/1087/ 15-16/89 |

| | | | |
|---|---|---|---|
| | | | തിയതി, 4.8.15 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി- അപാകതകൾ

A)സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | കെട്ടിട നം./വാർഡ് നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 13/263 | അൽ അമീൻ മോഡേൺ റൈസ് | 7 |
| 2 | 16/208 | കല്യാൺ ജ്വല്ലേഴ്സ് മിനി സ്റ്റോർ, വണ്ടിത്താവളം | 6 |
| 3 | 7/460 | ഗ്രേസ് ഫുഡ് പ്രൊഡക്ട്സ് | 7 |
| 4 | 11/377 | ശ്രീ നാരായണ സാ മിൽ | 9 |

ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ, തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുന്ന മുഴുവൻ ജീവനക്കാരുടെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി, ഈയിനത്തിലുള്ള വരവ് വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

B)തൊഴിൽ നികുതി റിട്ടേണുകളിൽ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

2016-17 സാമ്പത്തിക വർഷം താഴെ പറയുന്ന സ്ഥാപനങ്ങൾ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേണുകളിൽ ജീവനക്കാരുടെ ഉദ്യോഗപ്പേര്, അടിസ്ഥാന ശമ്പളം, ക്ഷാമബത്ത, മറ്റ്

അലവൻസുകൾ, ബോണസ്സ്/ ഉത്സവ ബത്ത മുതലായവ രേഖപ്പെടുത്തിയിട്ടില്ല. ഇക്കാരണത്താൽ അർദ്ധ വാർഷിക വരുമാനം കണക്കായിട്ടുള്ളതിന്റെ കൃത്യത പരിശോധിക്കുന്നതിനും, നികുതി ഒടുക്കിയതിൽ കുറവുണ്ടായിട്ടുണ്ടോയെന്നും പരിശോധിക്കുന്നതിനും കഴിഞ്ഞിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | കരുണ മെഡിക്കൽ കോളേജ്, വിളയോടി | 371 |
| 2 | കരുണ നഴ്സിംഗ് കോളേജ്, വിളയോടി | 19 |
| 3 | ക്ലീനിംഗ് കോൺട്രാക്ടർ, കരുണ മെഡിക്കൽ കോളേജ്, വിളയോടി | 22 |
| 4 | ഇസാഫ് മൈക്രോ ഫിനാൻസ് & ഇൻവെസ്റ്റ്മെന്റ്സ് (P) Ltd. | 17 |
| 5 | BSNL, വണ്ടിത്താവളം | 6 |

ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.തൊഴിൽ നികുതി ഈടാക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് നിശ്ചിത മാതൃകയിലുള്ള തൊഴിൽ നികുതി റിട്ടേണുകൾ മാത്രം സ്വീകരിക്കേണ്ടതും, റിട്ടേണുകളിൽ മതിയായ പരിശോധന നടത്തി ന്യൂനതകളുള്ള പക്ഷം,അവ പരിഹരിച്ച് പുന:സമർപ്പിക്കാൻ ആവശ്യപ്പേടേണ്ടതുമാണ്.

C)സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|
| BSNL, വണ്ടിത്താവളം | ഒന്നും രണ്ടും അർദ്ധ വർഷം |
| ക്ലീനിംഗ് കോൺട്രാക്ടർ, കരുണ മെഡിക്കൽ കോളേജ്, വിളയോടി | ഒന്നും രണ്ടും അർദ്ധ വർഷം |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 2-2 <u>കെട്ടിട നിർമ്മാണ പെർമിറ്റ് സംബന്ധിച്ച്.</u>

ഗ്രാമപഞ്ചായത്ത് പരിധിയിൽ നിരവധി കെട്ടിടങ്ങൾക്ക് കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ച് 3 വർഷം കാലാവധി കഴിഞ്ഞിട്ടും നാളിതു വരെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കുകയോ പെർമിറ്റ് പുതുക്കുകയോ ചെയ്തിട്ടില്ല.ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| അപേക്ഷ നം. | അപേക്ഷകന്റെ പേര്, സ്ഥലം | കെട്ടിട ത്തിന്റെ ഉപയോഗം | വിസ്തീ ർണ്ണം | ഈടാ ക്കിയ ഫീസ് | പെർമി റ്റിന്റെ കാലാ വധി |
|---|---|---|---|---|---|
| A4-3555/ 10-06-13 | പ്രമീള കുമാരി, താഴത്ത്പാടം, വിളയോടി | വാണിജ്യം | 53.17m2 | 280 | 03-07-13 മുതൽ 02-07-16 വരെ |
| A4-4116/ 28-06-2013 | കാജാഹുസൈൻ, വണ്ടിത്താവളം | താമസം | 144.08m2 | 433 | 02-07-13 മുതൽ 01-07-16 വരെ |
| A4-4738/ 30-07-2013 | ഗ്രേസി സേവ്യർ, മീനാക്ഷിപുരം | വാണിജ്യം | 387.59m2 | 1905 | 29-08-13 മുതൽ 28-08-16 വരെ |
| A4-7202/ 05-11-2013 | ദേവകി, വിളയോടി | താമസം | 180.17 m2 | 543 | 27-12-13 മുതൽ 26-12-16 വരെ |
| A4-262/ 03-01-2014 | കെ. കെ. ഷെരീഫ്, വണ്ടിത്താവളം | വാണിജ്യം | 180.68 m2 | 905 | 24-02-14 മുതൽ 23-02-17 വരെ |
| A4-279/ 08-01-2014 | മൂസാപ്പ, വിളയോടി | താമസം | 171 m2 | 513 | 24-01-14 മുതൽ 23-01-17 വരെ |

| | | | | | |
|---|---|---|---|---|---|
| A4-992/ 04-02-2014 | രാധാകൃഷ്ണൻ, കന്നിമാരി | താമസം | 143.6 m2 | 429 | 13-02-14 മുതൽ 14-02-17 വരെ |
| A4-1601/ 22-02-2014 | സജീവൻ, വിളയോടി | താമസം | 242.61 m2 | 723 | 26-03-14 മുതൽ 25-03-17 വരെ |
| A4-7464/ 15-11-2013 | നിജാബുദ്ദീൻ, മീനാക്ഷിപുരം | താമസം | 132.4 m2 | 399 | 11-12-13 മുതൽ 10-12-16 വരെ |

പെർമിറ്റ് കാലാവധി കഴിഞ്ഞിട്ടും നിർമ്മാണം പൂർത്തിയാക്കുകയോ പുതുക്കുകയോ ചെയ്യാത്ത കെട്ടിടങ്ങളുടെ മേൽ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 ആവശ്യമായ നിരാക്ഷേപപത്രം ഇല്ലാതെ ഡി ആന്റ് ഒ ലൈസൻസ് അനുവദിച്ചു.

താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് മലിനീകരണ നിയന്ത്രണ ബോർഡ് അനുമതിപത്രം ഇല്ലാതെയാണ് ലൈസൻസ് അനുവദിച്ചിരിക്കുന്നത്.

| ലൈസൻസ് നം | കെട്ടിട നം./ വാർഡ് നം. | അപേക്ഷകന്റെ പേരും മേൽ വിലാസവും | സ്ഥാപനം |
|---|---|---|---|
| 03/2016-17 | 215/2 | ശിവദാസൻ,വിളയോടി | ഹോളോബ്രിക്സ് നിർമ്മാണം |
| 135/2016-17 | 671/18 | മുരുകൻ, ചുള്ളിപ്പെരുക്ക്മേട് | സിമന്റ് വർക്സ്, ഹോളോബ്രിക്സ് നിർമ്മാണം |
| 141/2016-17 | 358/18 | മുരുകൻ, മണിയാട്ട്കൊളുമ്പ് | ഹോളോബ്രിക്സ് നിർമ്മാണം |
| 144/2016-17 | 508/4 | ഡി.രവിചന്ദ്രൻ, കല്ല്യാണപ്പേട്ട, കന്നിമാരി | സിമന്റ് പ്രൊഡക്ട്സ് നിർമ്മാണം<br><br>ശ്രീ വിനായക |

| | | | |
|---|---|---|---|
| | | | സിമന്റ് വർക്ക്സ് |

ഡി ആന്റ് ഒ ലൈസൻസ് അനുവദിക്കുമ്പോൾ അപേക്ഷയോടൊപ്പം ആവശ്യമായ നിരാക്ഷേപപത്രങ്ങൾ സമർപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 2-4 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്.

എ) ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക(31-03-2017 വരെ) സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം. | വാർഡിന്റെ പേര് | ടവറിന്റെ ഉടമ | ഈടാക്കേണ്ട വസ്തു നികുതി | വസ്തുനികുതി കുടിശ്ശിക (31-03-2017 വരെ) |
|---|---|---|---|---|---|
| 1 | 3/62 | വിളയോടി | BSNL | 3308 | 2012-13 മുതൽ 2016-17 വരെ |
| 2 | 1/410 | അത്തിമണി | BSNL | 5670 | 2012-13 മുതൽ 2016-17 വരെ |
| 3 | 11/317 | മീനാക്ഷിപുരം | AIRCEL | 5040 | 2012-13 മുതൽ 2016-17 വരെ |
| 4 | 11/308 | മീനാക്ഷിപുരം | VODAFONE | 5040 | അടച്ചിട്ടുണ്ട് |
| 5 | 16/71 | വണ്ടിത്താവളം | IDEA | 5135 | അടച്ചിട്ടുണ്ട് |

മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക എത്രയും പെട്ടെന്ന് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ബി) GO(Rt)No.2640/12/LSGD തിയതി 19-9-2012 പ്രകാരം ബി.എസ്.എൻ.എൽ മൊബൈൽ

ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ബി.എസ്.എൻ.എൽ മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പകൽവീട് നിർമാണത്തിനായി ലഭ്യമായ തുക വിനിയോഗിച്ചിട്ടില്ല

2016-17 വർഷത്തിൽ പകൽവീട് നിർമാണത്തിനായി ബ്ലോക്ക് പഞ്ചായത്തിൽനിന്നും 1239300/- രൂപ വർഷത്തിൽ രസീതി നം.11605900064/31.3.17 പ്രകാരം ഗ്രാമപഞ്ചായത്തിൽ ലഭ്യമായിട്ടുണ്ട്. തുക വിനിയോഗിക്കാതെ 799011400001529എന്ന നമ്പറിലുള്ള സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. പദ്ധതി നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.13/23.6.17) തുക ലഭ്യമായത് 31.3.17 തീയതിയിലായതുകൊണ്ടാണ് തുക വിനിയോഗിക്കുവാൻ കഴിയാതിരുന്നതെന്നും ഗ്രാമപഞ്ചായത്തിൽ തൻവർഷത്തിൽ ഇതിനായി 128/17 നമ്പറിൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നും ഈ പദ്ധതിയുടെ ടെണ്ടർ നടപടികൾ ആരംഭിച്ച് പ്രവർത്തി ആരംഭിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള സത്വരനടപടികൽ സ്വീകരിക്കേണ്ടതാണ്.

## 3-2 സംയുക്തപദ്ധതികൾക്കായി ലഭ്യമായ വിഹിതങ്ങൾ വിനിയോഗിച്ചിട്ടില്ല

എ)അങ്കണവാടി പോഷകാഹാര പദ്ധതി -കേന്ദ്രഫണ്ട്

പോഷകാഹാരപദ്ധതിക്കു വേണ്ടി ചെക്ക് മുഖേന ലഭ്യമാവുന്ന തുകകൾ പഞ്ചായത്തിന്റെ 799011400001529എന്ന നമ്പറിലുള്ള സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിലാണ് നിക്ഷേപിക്കുന്നത്. ഓഡിറ്റ് വർഷത്തിൽ ലഭ്യമായ കേന്ദ്രവിഹിതം വിനിയോഗിച്ചതിനുശേഷം 1340555/- രൂപ ഈ അക്കൗണ്ടിൽ അവശേഷിക്കുന്നു. ചെലവഴിക്കാത്ത കേന്ദ്രഫണ്ട് തുക അങ്കണവാടികളുടെ അടിസ്ഥാനസൗകര്യവികസനത്തിനായി ചെലവഴിക്കേണ്ടതാണ്.

ബി) പാലിയേറ്റീവ് പദ്ധതിക്കായി ചിറ്റൂർ ബ്ലോക്ക് പഞ്ചായത്തിൽനിന്നും

രസീതിനം.11605900063/31.3.17 പ്രകാരം 300000/- രൂപ ലഭ്യമായിട്ടുണ്ട്. സി.ഡി.പി.ഒ നിർവഹണോദ്യോഗസ്ഥയായി 2016-17 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ പാലിയേറ്റീവ് പദ്ധതിയിൽ ഗ്രാമപഞ്ചായത്തിന് വിഹിതം ഉൾപ്പെടുത്തി തുക പിൻവലിച്ച് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുകയാണുണ്ടായത്. ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ പദ്ധതികളിൽ ഈ വിഹിതം ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കിയിട്ടില്ല. പദ്ധതി തയ്യാറാക്കി തുക വിനിയോഗിക്കേണ്ടതാണ്.

## **3-3** <u>അഗ്രിക്കൾച്ചർ മാർക്കറ്റിനുവേണ്ടി വാങ്ങിയ സ്ഥലം- നിഷ്ക്രിയമായി അവശേഷിക്കുന്നു</u>

പ്രോജക്ട് നം.97/15 അഗ്രിക്കൾച്ചർ മാർക്കറ്റിനുവേണ്ടി സ്ഥലം വാങ്ങൽ പദ്ധതി പ്രകാരം 2014-15 വർഷത്തിൽ പ്ലാൻ ഫണ്ടിൽനിന്ന് 2072035/- രൂപയും ലോൺതുക 6500000/- രൂപയും തനതുഫണ്ടിൽനിന്ന് 2935269/- രൂപയും ഉൾപ്പെടെ ആകെ 11507304/- രൂപ ചെലവഴിച്ചിട്ടുണ്ട്. 2014-15 വർഷത്തിൽ ലഭ്യമാക്കിയ സ്ഥലത്ത് മാർക്കറ്റ് പ്രവർത്തനക്ഷമമായിട്ടില്ല. 2016-17 വർഷത്തിൽ ഇതിനായി പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. നിലവിലെ സ്ഥിതി ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1323.6.17) കാർഷിക ഉൽപന്നങ്ങൾ അന്താരാഷ്ട്ര നിലവാരത്തിൽ സംസ്കരിച്ച് കയറ്റുമതി ചെയ്യുന്നതിനായി ലക്ഷ്യമിട്ടുകൊണ്ട് VFPCK എന്ന സ്ഥാപനത്തിന് സംസ്കരണ യൂണിറ്റും പാക്കിംഗ് യൂണിറ്റും സ്ഥാപിക്കുന്നതിനു വേണ്ടി സർക്കാർ അനുമതി ലഭിച്ചിട്ടുണ്ടെന്നും ഭരണസമിതിയുടെ 18/1/17 തീയതിയിലെ 5(1) നം. തീരുമാനപ്രകാരം VFPCKക്ക് 50 സെന്റ് സ്ഥലം 3 വർഷകാലയളവിലേക്ക് 12500/- രൂപ മാസവാടകക്ക് നൽകുന്നതിന് തീരുമാനമെടുത്തതായും 13/2/17 തീയതിയിൽ ഇതിനായി കരാറിലേർപ്പെട്ടതായും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

2016-17 തനതുഫണ്ടിൽനിന്നും ലോൺതിരിച്ചടവിന് ചെലവഴിച്ച തുകയുടെ വിശദാംശം താഴെ ചേർക്കുന്നു.

| ലോൺ മുന്നിരിപ്പ് | തിരിച്ചടച്ച മുതൽ | പലിശ | ബാക്കി |
|---|---|---|---|
| 5365814 | 736488 | 656844 | 4629326 |

ലോൺ തിരിച്ചടവ് ഗ്രാമപഞ്ചായത്തിന് അധികബാധ്യത സൃഷ്ടിക്കുന്നുണ്ട്. 2017-18 വർഷത്തിൽ തനത് ഫണ്ടിൽനിന്നും ലോൺ തിരിച്ചടവിനായി 20 ലക്ഷം രൂപ വകയിരുത്തി പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നും മാർക്കറ്റിംഗ് കോംപ്ലക്സ് പണിയുന്നതിന് മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. പഞ്ചായത്തുഫണ്ട് നിഷ്ക്രിയമാവാതിരിക്കുവാൻ അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം പൂർത്തീകരിക്കേണ്ടതാണ്

പെരുമാട്ടി ഗ്രാമപഞ്ചായത്തിൽ വണ്ടിത്താവളം സെക്ഷൻ, ചിറ്റൂർ ഡിവിഷൻ, തത്തമംഗലം ഡിവിഷൻ എന്നിങ്ങനെ മൂന്ന് സെക്ഷനുകളിലായാണ് തെരുവ് കറണ്ട് ചാർജ് ഒടുക്കുന്നത്.

ചിറ്റൂർ ഡിവിഷൻ, തത്തമംഗലം ഡിവിഷൻ എന്നിവിടങ്ങളിലെ തെരുവ് വിളക്കുകളുടെ വൈദ്യുതചാർജ് മീറ്ററിംഗിന്റെ അടിസ്ഥാനത്തിലാണ് ഒടുക്കിവരുന്നത്. എന്നാൽ വണ്ടിത്താവളം സെക്ഷനു കീഴിലുള്ള തെരുവ് വിളക്കുകൾക്ക് ഭാഗികമായി മാത്രമാണ് മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടുള്ളത്.

കൺസ്യൂമർ നം.1168091011242 പ്രകാരമുള്ള തെരുവുവിളക്കുകൾക്ക് പ്രതിമാസം 25362/- രൂപ വൈദ്യുതി ചാർജ്ജിനത്തിൽ ഗ്രാമപഞ്ചായത്ത് ഒടുക്കുന്നുണ്ട്. കെ.എസ്.ഇ.ബി നിശ്ചയിച്ച താരിഫിന്റെ അടിസ്ഥാനത്തിലാണ് തുക ഒടുക്കുന്നത്. പല കാരണങ്ങളാൽ പ്രവർത്തിക്കാത്ത വിളക്കുകൾക്കും വൈദ്യുതചാർജ് അടയ്ക്കേണ്ടി വരുന്നുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ ലാമ്പുകൾക്കും മീറ്ററിംഗ് ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കേണ്ടതാണ്. പുതിയ ലാമ്പുകൾ സ്ഥാപിക്കുമ്പോൾ ഊർജ്ജ ഉപഭോഗം കുറവുള്ള ലാമ്പുകൾ സ്ഥാപിക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം.13/23-6-2017-നുള്ള മറുപടിയിൽ വണ്ടിത്താവളം സെക്ഷനിൽ മീറ്ററിംഗ് ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ലെന്നും വരും വർഷങ്ങളിൽ ഇതിനുള്ള പദ്ധതികൾ തയ്യാറാക്കാൻ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-5 പഞ്ചായത്ത് ഓഫീസ് ഇന്റീരിയർ വർക്ക്- പദ്ധതി നിർവഹിച്ചതിലെ അപാകതകൾ

പ്രൊജക്ട് നം.122/17 പ്രകാരം പഞ്ചായത്ത് ഓഫീസ് ഇന്റീരിയർ വർക്ക് എന്ന പദ്ധതി പ്രകാരം അക്രഡിറ്റഡ് ഏജൻസിയായ ഹാബിറ്റാറ്റ് മുഖേന ഇന്റീരിയർ പ്രവർത്തി നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുകയും പ്രവർത്തി ഹാബിറ്റാറ്റിനെ ഏൽപിക്കുകയും ചെയ്തിട്ടുണ്ട്. ലോകബാങ്ക് ധനസഹായത്തിൽ നിന്നുമാണ് തുക വകയിരുത്തിയിട്ടുള്ളത്. ട്രഷറിബിൽ നം.31/31.3.17 പ്രകാരം ആകെ പ്രവർത്തിമൂല്യമായി രേഖപ്പെടുത്തിയ തുകയും നികുതികളും ഉൾപ്പെടെ 1525429/- രൂപ പിൻവലിച്ചിട്ടുണ്ട്. ബില്ലിൽ രേഖപ്പെടുത്തിയ തുകയുടെ വിവരം താഴെചേർക്കുന്നു.

ആകെ പ്രവർത്തിമൂല്യം -1238887

കുറയ്ക്കുക

വാറ്റ് - 49555

നിർമാണതൊഴിലാളി ക്ഷേമനിധി - 12389

-----------------

ആകെ – 1176943

10% റിട്ടൻഷൻ117694 കഴിഞ്ഞ് നൽകിയ തുക --1059249

നികുതികളും ഫീസും കണക്കാക്കിയിരിക്കുന്നത് താഴെപ്പറയും പ്രകാരമാണ്

സർവീസ് ടാക്സ് 14.5% 179639

പ്രൊഫണൽ ഫീസ് 6% - 57347

(6% തുകയായ74333 രൂപ 57347 രൂപയിലേക്ക് ലിമിറ്റ് ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു)

വർക്ക് കോൺട്രാക്ട് ടാക്സ് 8% - 99111

പിൻവലിച്ച തുകയിൽനിന്നും 1059249/- രൂപ നിർവഹണ ഏജൻസിയായ ഹാബിറ്റാറ്റിന് നൽകിയിട്ടുണ്ട്. പദ്ധതിയുടെ ആദ്യ എസ്റ്റിമേറ്റ് 1406990.64/- രൂപയായിരുന്നു. പിന്നീട് 27/2/17തീയതിയിലെ കമ്മറ്റി തീരുമാനപ്രകാരം എസ്റ്റിമേറ്റ് 1605048/- രൂപയായി റിവൈസ് ചെയ്തിട്ടുണ്ട്. അന്തിമ ബിൽ പ്രകാരം 1574984/- രൂപ മെഷർമെന്റ് രേഖപ്പെടുത്തി പദ്ധതിക്കായി തുക പിൻവലിച്ചിട്ടുണ്ട്.

ഈ പദ്ധതി നിർവഹിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു

വർക്ക് ബില്ലിൽ 4% വാറ്റ്, നിർമാണതൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവക്കുപുറമെ സർവീസ് ടാക്സായി 179639 രൂപ 14.5 ശതമാനം നിരക്കിൽ തുക പിൻവലിച്ചിട്ടുണ്ട്. പുതിയ ബിൽഡിംഗ് പ്രവർത്തിക്ക് നൽകേണ്ട സർവീസ് ടാക്സ് 6% മാത്രമാണ്. അധിക തുക പിൻവലിച്ചതിന് വിശദീകരണം ലഭ്യമാക്കാൻ എൻക്വയറിയിലൂടെ ആവശ്യപ്പെട്ടതിന് മൂല്യനിർണയത്തിൽ വന്ന പിശകുമൂലമാണ് തുക പിൻവലിച്ചതെന്നും തുക തിരിച്ചടക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

വർക്ക് കോൺട്രാക്ട് ടാക്സ് 8% നിരക്കിൽ 99111 രൂപ പിൻവലിച്ചിട്ടുണ്ട്. എസ്റ്റിമേറ്റിൽ പ്രൊഫണൽ ഫീസ് 8ശതമാനവും വർക്ക് കോൺട്രാക്ട് ടാക്സ് 6 %ഉം ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. ജി.ഒ(പി)നം.311/14/Fin/30.7.14 പ്രകാരം 8 % തുക സെന്റേജ് ചാർജായി അനുവദിക്കാവുന്നതാണ്. എന്നാൽ പ്രൊഫഷണൽ ഫീസിനു പുറമെ വർക്ക് കോൺട്രാക്ട് ടാക്സ് എന്നയിനത്തിൽ ഫീസ് നൽകുന്നതിന് വ്യവസ്ഥയില്ല. തുക പിൻവലിച്ചിട്ടുള്ളത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/23.7.17) പ്രൊഫഷൻ ഫീ, വർക്ക് കോൺട്രാക്ട് ടാക്സ്, സർവീസ് ടാക്സ്, റിട്ടൻഷൻ എന്നിവ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വർക്ക് കോൺട്രാക്ട് ഫീസിനത്തിൽ പിൻവലിച്ച തുകയും അധികമായി പിൻവലിച്ച സർവീസ് ടാക്സും തിരിച്ചടക്കേണ്ടതാണ്.

## 3-6 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

നിർവഹണോദ്യോഗസ്ഥൻ- സെക്രട്ടറി

എ) എ.ബി.സി പദ്ധതി

പ്രൊജക്ട് നം.11/17 പ്രകാരം തെരുവ് നായ നിയന്ത്രണത്തിനായി ജില്ലാപഞ്ചായത്തു മുഖേന നടപ്പിലാക്കുന്ന എ.ബി.സി പദ്ധതിക്കായി ബിൽ നം.12,13/13.2.17 പ്രകാരം 350000/- രൂപ പിൻവലിച്ച് പാലക്കാട് ജില്ലാപഞ്ചായത്തിന് നൽകിയിട്ടുണ്ട്. തുക വിനിയോഗിച്ചതിന്റെ

സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. തുക പ്രസ്തുത പദ്ധതിക്കായി വിനിയോഗിച്ചതിനു ശേഷം വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

ബി) സമ്പൂർണവൈദ്യുതീകരണത്തിന് പഞ്ചായത്ത് വിഹിതം നൽകൽ

"സമ്പൂർണവൈദ്യുതീകരണത്തിന് പഞ്ചായത്ത് വിഹിതം നൽകൽ" എന്ന പദ്ധതിക്കായി പ്രൊജക്ട് നം.160/2017 പ്രകാരം 350819/- രൂപ കെ.എസ്.ഇ.ബി-യിൽ ഒടുക്കിയിട്ടുണ്ട്. കെ.എസ്.ഇ.ബി-യിൽ നിന്നും എസ്റ്റിമേറ്റ് ലഭ്യമാക്കാതെയും എഗ്രിമെന്റ് വെയ്ക്കാതെയുമാണ് തുക നൽകിയിട്ടുള്ളത്. എത്ര ഗുണഭോക്താക്കൾക്കുവേണ്ടിയാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളതെന്ന് പ്രൊജക്ടിൽ വ്യക്തമാക്കിയിട്ടില്ല. പണി പൂർത്തീകരിച്ച് കെ.എസ്.ഇ.ബി-യിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 3-7 പൊതു ടാപ്പുകളുടെ വെള്ളക്കരം- സംയുക്ത പരിശോധന നടത്തേണ്ടതാണ്

കേരള ജല അതോറിറ്റി മുഖേന കുടിവെള്ളവിതരണം നടത്തുന്ന 97 പൊതുടാപ്പുകളുടെ വാട്ടർ ചാർജ് ഗ്രാമപഞ്ചായത്തിൽനിന്നും ഒടുക്കിവരുന്നുണ്ട്. ഓരോ ടാപ്പിനും 5250 രൂപയാണ് വാർഷികനിരക്ക് കണക്കാക്കിയിട്ടുള്ളത്. പ്രതിമാസം 42438 രൂപ പ്രകാരവുമാണ് തുക ഒടുക്കിയിട്ടുള്ളത്. പൊതുടാപ്പുകളുടെ കൃത്യത ഉറപ്പാക്കി ഓരോ പ്രദേശത്തും ഉള്ള ടാപ്പുകളുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. നിലവിലില്ലാത്ത ടാപ്പുകളുടേയും വെള്ളം ലഭിക്കാത്ത ടാപ്പുകളുടേയും കണക്ക് ലഭ്യമല്ല. സ.ഉ(ആർ.ടി)നം.2242/2011/ത.സ്വ.ഭ.വ തിയതി 28-9-2011 പ്രകാരം പ്രവർത്തനക്ഷമമായതും കുടിവെള്ളലഭ്യത ഉള്ളതുമായ ടാപ്പുകളുടെ എണ്ണം ഉറപ്പുവരുത്തുന്നതിനായി വാട്ടർഅതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തിയിട്ടില്ല. തൻവർഷം പൊതുടാപ്പുകളുടെ വെള്ളക്കരം ഒടുക്കുന്നതിനു മാത്രമായി 513631 രൂപ ചെലവ് വന്നിട്ടുണ്ട്. പരിമിതമായ തനത് വരുമാന സ്രോതസ്സുകൾ ഉള്ള പെരുമാട്ടി ഗ്രാമപഞ്ചായത്തിന് ഇത് അധിക ബാധ്യത സൃഷ്ടിക്കുന്നുണ്ട്.

ഗ്രാമപഞ്ചായത്തും വാട്ടർ അതോറിറ്റിയുമായി ചേർന്ന് അടിയന്തിരമായി സംയുക്തപരിശോധന നടത്തി ഉപയോഗ ശൂന്യമായ പൊതു കുടിവെള്ളടാപ്പുകൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ

സ്വീകരിക്കേണ്ടതാണ്.

## 3-8 വാഹനത്തിന്റെ ഉപയോഗം- രേഖകളുടെ സൂക്ഷിപ്പ് കാര്യക്ഷമമല്ല

KL.9-AD 4398 എന്ന നമ്പറിലുള്ള ബോലേറോ എന്ന വാഹനമാണ് ഗ്രാമ പഞ്ചായത്തിലുള്ളത്. വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി വാഹനങ്ങളുടെ പരിപാലനം സംബന്ധിച്ച ജി.ഒ. (എം.എസ് )നം.170/07 തീയതി 30.06.2007, സർക്കുലർ നം.41/2008/ധനം. തീയതി.02.08.2008 എന്നീ സർക്കാർ ഉത്തരവിൽ പറയും പ്രകാരമുള്ള റിപ്പയർ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ഇന്ധനത്തിന്റെയും എണ്ണയുടെയും ഉപയോഗം കാണിക്കുന്ന ഫ്യൂവൽ രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല. 2016-17 വർഷത്തിൽ ലോഗ് ബുക്കിൽ മാസാന്ത്യ സംക്ഷിപ്തം എഴുതുകയോ സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തുകയോ ചെയ്തിട്ടില്ല. മാത്രമല്ല വാഹനത്തിൽ ഇന്ധനം ഫുൾ ടാങ്ക് നിറയ്ക്കണം എന്ന മാർഗനിർദ്ദേശം പാലിക്കുന്നില്ല. ആറു മാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റെയും ഇന്ധന ഉപയോഗത്തെ സംബന്ധിച്ച സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. വാഹനത്തിന്റെ ഉപയോഗം സംബന്ധിച്ച് മേൽപ്പറഞ്ഞ ഉത്തരവുകളിലെ മാർഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 3-9 ദിവസവേതനാടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി ഓപ്പറേറ്ററെ നിയമിച്ച് വേതനം നൽകിയത്- തുക തടസപ്പെടുത്തുന്നു

ഓഡിറ്റ് കാലയളവിൽ ഗ്രാമപഞ്ചായത്തിലെ ഓഫീസ് ജോലികൾ ചെയ്യുന്നതിനായി ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്ററെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച് തനത് ഫണ്ടിൽനിന്നും വേതനം നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ തസ്തിക ഒഴിവില്ലാതെയാണ് ഡാറ്റാ എൻട്രി ഓപ്പറേറ്ററെ നിയമിച്ച് വേതനം നൽകിയിട്ടുള്ളത്. ശ്രീമതി.വിനിത.കെ എന്ന വ്യക്തിയെയാണ് ഈയിനത്തിൽ നിയമിച്ച് വേതനം നൽകിയിട്ടുള്ളത്. 2016-17 വർഷത്തിൽ തുക ചെലവഴിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| വൗച്ചർ നം. | ഏത് മാസത്തെ വേതനം | വേതനമായി നൽകിയ തുക |
|---|---|---|
| 21600024/1.4.16 | 03/16 | 9200 |
| 21600121/2.5.16 | 04/16 | 9600 |
| 21600198/1.6.16 | 05/16 | 14950 |
| 21600314/1.7.16 | 06/16 | 12350 |
| 21600404/1.8.16 | 07/16 | 12350 |
| 21600524/1.9.16 | 08/16 | 12350 |
| 21600627/1.10.16 | 09/16 | 12350 |
| 21600729/4.11.16 | 10/16 | 9000 |
| 21600806/7.12.16 | 11/16 | 9000 |
| 21600903/3.1.17 | 12/16 | 9000 |
| 216001015/1.2.17 | 01/17 | 9000 |
| 21601112/1.3.17 | 02/17 | 9000 |
| ആകെ | | 128150 |

ജി.ഒ (പി)നം.28/2016/ധനം/26.2.2016, ജി.ഒ (പി)നം.136/2016/ധനം/7.9.2016 എന്നിവ പ്രകാരം ദീർഘകാലാടിസ്ഥാനത്തിൽ ആളെ നിയമിച്ച് വേതനം നൽകാവുന്നതല്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/23.6.17) ഗ്രാമപഞ്ചായത്തിലെ അമിത ജോലിഭാരം കാരണമാണ് ഡാറ്റാ എൻട്രി ഓപ്പറേറ്ററെ നിയമിച്ചതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ജോലിഭാരം കൂടുതലുള്ളത് സംബന്ധിച്ചും ജീവനക്കാരുടെ അഭാവം സംബന്ധിച്ചും ആവശ്യമെങ്കിൽ സർക്കാരിനെ അറിയിച്ച് അധിക തസ്തിക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. അനുവദിക്കപ്പെട്ട തസ്തികകൾക്കുപുറമെ ജീവനക്കാരെ നിയമിച്ച് വേതനം അനുവദിക്കുന്നതിന് വകുപ്പ് മുഖേന പ്രത്യേക അനുമതി ലഭ്യമാക്കേണ്ടതായിരുന്നു. വ്യവസ്ഥകൾ പാലിക്കാതെ ആളെ നിയമിച്ച് വേതനം നൽകുന്നത് ശരിയല്ല. ചെലവ് തുക 128150/- രൂപ തടസപ്പെടുത്തുന്നു.

## 3-10 വീട് പുനരുദ്ധാരണ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടില്ല

പ്രൊജക്ട് നം. 84/17

അടങ്കൽ-1400000

ചെലവ്- 1150000

നിർവഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

എസ്.സി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ വീട് പുനരുദ്ധാരണത്തിനായി വികസനഫണ്ടിൽ നിന്നും താഴെപ്പറയുംപ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്

| ബിൽ നം. | തുക |
|---|---|
| 11/27.2.17 | 62500 |
| 16/10.3.17 | 225000 |
| 18/14.3.17 | 212500 |
| 20/22.3.17 | 125000 |
| 23/25.3.17 | 37500 |
| 29/29.3.17 | 275000 |
| 37/30.3.17 | 212500 |

പ്രൊജക്ടിൽ പുനരുദ്ധാരണത്തിന്റെ യൂണിറ്റ് കോസ്റ്റ് 25000/- രൂപയാണ്. പദ്ധതിപ്രകാരം 2016-17 വർഷത്തിൽ 47 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. ഇതിൽ ആദ്യഗഡുതുകയായ 12500/- രൂപ കൈപ്പറ്റിയ 16 ഗുണഭോക്താക്കൾ വീട് പുനരുദ്ധാരണ പ്രവർത്തികൾ നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല. ആദ്യഗഡു കൈപ്പറ്റി പുനരുദ്ധാരണപ്രവർത്തി പൂർത്തിയാക്കാത്തവരുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | നൽകിയ തുക | കൈപ്പറ്റുവാൻ ബാക്കി |
|---|---|---|---|
| 1 | ആറുമുഖൻ, കല്ലൻതോട് പെരുമാട്ടി | 12500 | 12500 |
| 2 | കുഞ്ചി, വിളയോടി കോളനി | 12500 | 12500 |
| 3 | മാരാൾ, ഹരിജൻ കോളനി | 12500 | 12500 |
| 4 | സരസതിരുമൻ ഒറ്റപ്പാലം കോളനി | 12500 | 12500 |
| 5 | മാളുമുത്തു മണിയാറ്റുകുളമ്പ് | 12500 | 12500 |
| 6 | പാറു@ പാർവതി ചാമിയാർകളം, കന്നിമാരി | 12500 | 12500 |

| | | | |
|---|---|---|---|
| 7 | ചിന്ന കുട്ടപ്പൻ, പതികുളമ്പ് | 12500 | 12500 |
| 8 | വേലപ്പൻ കുഞ്ചൻ, കരടിക്കുന്ന് | 12500 | 12500 |
| 9 | ആറു, കരടിക്കുന്ന് | 12500 | 12500 |
| 10 | വെള്ള ചെല്ലൻ, അത്തിക്കൊളുമ്പ് | 12500 | 12500 |
| 11 | ചിന്ന ആറുച്ചാമി, മണിയാറ്റുകുളമ്പ് | 12500 | 12500 |
| 12 | വള്ളിചാമി, അത്തിമണി | 12500 | 12500 |
| 13 | ചെല്ല അയ്യപ്പൻ, പുത്തൻപാടം വിളയോടി | 12500 | 12500 |
| 14 | അരുക്കണി ഹരിജൻകോളനി | 12500 | 12500 |
| 15 | ചിന്ന കുറുമ്പൻ, അലയാർ | 12500 | 12500 |

റിപ്പയർ പ്രവർത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക തിരികെ ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-11 വീട് നിർമാണപ്രവർത്തികൾ പൂർത്തീകരിച്ചിട്ടില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവഹോദ്യോഗസ്ഥനായി എസ്.സി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ വീട് നിർമാണത്തിനായി നടപ്പിലാക്കിയ പദ്ധതിയിൽ 2016-17 വർഷത്തിൽ എഗ്രിമെന്റ് വെച്ച് ഗഡുക്കൾ കൈപ്പറ്റിയ ചില ഗുണഭോക്താക്കൾ നാളിതുവരെയും ഭവനനിർമാണം പൂർത്തീകരിച്ചിട്ടില്ല. പദ്ധതിയുടെ വിശദാംശം താഴെ ചേർക്കുന്നു

പ്രൊജക്ട് നം. 4/17

അടങ്കൽ-3450000

ചെലവ്- 2130000

2016-17 വർഷത്തിൽ വികസനഫണ്ടിൽ നിന്നും തുക ചെലവഴിച്ചതിന്റെ വിവരം താഴെചേർക്കുന്നു.

| ബിൽനം. | തുക |
|---|---|
| 1/10.8.16 | 690000 |
| 3/28.9.16 | 90000 |

| | |
|---|---|
| 5/25.10.16 | 120000 |
| 17/10.3.17 | 150000 |
| 19/14.3.17 | 120000 |
| 25/25.3.17 | 390000 |
| 6/26.12.16 | 210000 |
| 10/27.2.17 | 120000 |
| 32/29.3.17 | 120000 |
| 35/31.3.17 | 120000 |
| ആകെ | 2130000 |

പദ്ധതി പ്രകാരം 300000/- രൂപയാണ് വീടിന് യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചിട്ടുള്ളത്. ഈ പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയ താഴെപ്പറയുന്ന 7 ഗുണഭോക്താക്കൾ ഭാഗികമായി മാത്രമാണ് തുക കൈപ്പറ്റിയിട്ടുള്ളത്. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | നൽകിയ തുക | കൈപ്പറ്റുവാൻ ബാക്കി |
|---|---|---|---|
| 1 | വസന്തകുമാരി സുദേവൻ<br>മണിയാട്ടുകുളമ്പ്<br>വിളയോടി | 120000 | 180000 |
| 2 | ലക്ഷ്മി മുത്തു<br>പുറയോരം<br>വണ്ടിത്താവളം | 120000 | 180000 |
| 3 | പാറു കുഞ്ചൻ<br>കൈതറവ്<br>വണ്ടിത്താവളം | 120000 | 180000 |
| 4 | കാളി വേലൻ<br>അണ്ണക്കോട്<br>വണ്ടിത്താവളം | 120000 | 180000 |
| 5 | തങ്കമണി<br>പ്ലാച്ചിമടകോളനി<br>കന്നിമാരി | 240000 | 60000 |
| 6 | ശരവണൻ<br>ഒറ്റപ്പാലം കോളനി<br>മീനാക്ഷിപുരം | 120000 | 180000 |

| | | | |
|---|---|---|---|
| 7 | നാച്ചിമുത്തു നെല്ലിമേട് | 120000 | 180000 |

ഭവനനിർമാണം പൂർത്തീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 ഓട്ടോറിക്ഷ വാങ്ങൽ പദ്ധതി പ്രകാരം ധനസഹായം നൽകിയ ഓട്ടോറിക്ഷകൾ ഗുണഭോക്താക്കളുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി എസ്.സി, എസ്.ടി വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനായി താഴെപ്പറയും പ്രകാരം രണ്ട് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

നിർവഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

പദ്ധതി-എസ്.സി വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് ഓട്ടോറിക്ഷ വാങ്ങൽ

പ്രൊജക്ട് നം-101/17

അടങ്കൽ-800000

ചെലവ്- 350000

ബിൽ നം-26/28.3.17, തുക-250000

ബിൽ നം-28/28.3.17, തുക-100000

ബി) എസ് ടി വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് ഓട്ടോറിക്ഷ വാങ്ങൽ

പ്രൊജക്ട് നം-100/17

അടങ്കൽ-200000

ചെലവ്- 150000

ബിൽ നം-27/28.3.17, തുക-100000

ചെക്ക് നം-21601151/8.3.17(തനത് ഫണ്ട്-50000)

ലൈസൻസും ബാഡ്ജും ഉള്ള ഗുണഭോക്താക്കൾക്ക് സ്വയം തൊഴിലിന് വായ്പാ ബന്ധിതമായി പാസഞ്ചർ ഓട്ടോറിക്ഷ വാങ്ങുന്നതിന് ധനസഹായം അനുവദിക്കുന്നതിന് ലക്ഷ്യമിട്ട പ്രസ്തുത പദ്ധതി പ്രകാരം എസ്.സി വിഭാഗത്തിൽപ്പെട്ട 7 ഗുണഭോക്താക്കൾക്കും എസ്.ടി വിഭാഗത്തിൽപ്പെട്ട 3 ഗുണഭോക്താക്കൾക്കും 50000/- രൂപ വീതം ഓട്ടോറിക്ഷ

വാങ്ങുന്നതിനായി സബ്സിഡി നൽകിയിട്ടുണ്ട്. ഒരു ഗുണഭോക്താവിന് 50000/- രൂപ പ്രകാരം വായ്പ അനുവദിച്ച പാലക്കാട് ജില്ലാ ഓട്ടോറിക്ഷാ ഡ്രൈവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിലേക്ക് നല്കുകയും ചെയ്തു. പദ്ധതി നടത്തിപ്പിന്റെ ഫയലുകൾ പരിശോധിച്ചതിൽ, തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താവ് തന്നെയാണ് വാഹന ഉടമ എന്ന് ആർ.സി ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. വാഹനം രജിസ്റ്റർ ചെയ്തിരിക്കുന്നത് വായ്പ അനുവദിച്ച പാലക്കാട് ഡിസ്ട്രിക്ട് ഓട്ടോറിക്ഷ ഡ്രൈവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ സെക്രട്ടറിയുടെ പേരിലാണ്. വായ്പാ പാസ് ബുക്കും ഗുണഭോക്താവ് സൊസൈറ്റിയുടെ സെക്രട്ടറിക്ക് സമർപ്പിച്ച വായ്പ-തിരിച്ചടവ് എഗ്രിമെന്റും മാത്രമാണ് ഉടമസ്ഥത സംബന്ധിച്ച് ലഭ്യമാക്കിയ രേഖകൾ.

ഗുണഭോക്താക്കൾ ലോൺ അടവാക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം സ്വാഭാവികമായും ഓട്ടോറിക്ഷ സൊസൈറ്റി പിടിച്ചെടുക്കുകയും തുക മുതൽക്കൂട്ടുകയും ചെയ്യുന്നതാണ്. അത്തരം സാഹചര്യത്തിൽ സബ്സിഡിയായി നൽകിയ തുക നഷ്ടമാകാനുള്ള സാഹചര്യമുണ്ട്. ഇക്കാര്യം ചൂണ്ടിക്കാണിച്ച് നൽകിയ എൻക്വയറിയുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾ ലോൺ അടവാക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം ഓട്ടോറിക്ഷ സൊസൈറ്റി പിടിച്ചെടുക്കുന്ന സാഹചര്യമുണ്ടാവുകയാണെങ്കിൽ സബ്സിഡിയായി നൽകിയ തുക ഗ്രാമപഞ്ചായത്തിൽ ഒടുക്കേണ്ടതാണെന്നും എന്തെങ്കിലും കാരണവശാൽ ഗുണഭോക്താവ് മരണപ്പെടുന്ന പക്ഷം അനന്തരാവകാശിക്ക് ഓട്ടോറിക്ഷയിൻമേലുള്ള അവകാശം സംരക്ഷിച്ചുനൽകുമെന്നുമുള്ള വ്യവസ്ഥ ഉൾക്കൊള്ളിച്ച് ലോൺ നൽകിയ സൊസൈറ്റിയുമായി 24.7.17 തീയതിയിൽ എഗ്രിമെന്റ് ചമച്ചിട്ടുണ്ട്.

സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്)നം.4/2016/തസ്വഭവ തീയതി.11.1.2016 പ്രകാരം ധനസഹായ തുക ബാക്ക് എൻഡ് സബ്സിഡിയായി ബാങ്കിലേക്ക് നൽകേണ്ടതും വാഹനത്തിന്റെ ഉടമസ്ഥാവകാശം ഗുണഭോക്താവിന്റെ പേരിൽ ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്. തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താവിന്റെ പേരിൽ വാഹനം രജിസ്റ്റർ ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. വാഹനം ഗുണഭോക്താക്കളുടെ ഉടമസ്ഥതയിലേക്ക് മാറ്റുന്നതിന് വിധേയമായി ചെലവുതുക 500000/- രൂപ തടസപ്പെടുത്തുന്നു.

# 3-13 ഒ.ഡി.എഫ്. - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട് നമ്പർ SOO02-17 - കക്കൂസ് നിർമ്മാണ ധനസഹായം ഒ.ഡി.എഫ് .16-17, പ്രോജക്ട് നമ്പർ SOO14-17 - കക്കൂസ് നിർമ്മാണത്തിനു ധനസഹായം 2015-16 , SOO24-17 - വ്യക്തിഗത കക്കൂസ് ആനുകൂല്യം എന്നീ പദ്ധതികളുടെ നിർവ്വഹണത്തിനായി വികസനഫണ്ടിൽനിന്നും 7344548 രൂപയുംതനതു ഫണ്ടിൽനിന്ന് 4498052 രൂപയും ഉൾപ്പെടെ ആകെ 11842600 രൂപയാണ് ചെലവഴിച്ചിരിക്കുന്നത്. എന്നാൽ സ.ഉ(സാധാ)നം. 2701/16/തസ്വഭവ തിയതി 19-9-2016 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ വിഹിതം മാത്രമോ കേന്ദ്രഫണ്ട് മാത്രമായോ പദ്ധതിക്ക് തുക വകയിരുത്താൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതിവിഹിതം മാത്രം ഉൾപ്പെടുത്തി പ്രൊജക്റ്റ് തയ്യാറാക്കേണ്ടതും പിന്നീട് കേന്ദ്രവിഹിതം ലഭ്യമാകുന്ന മുറയ്ക്ക് വികസന പ്രവർത്തനങ്ങൾക്കായി ചെലവഴിക്കാവുന്നതുമാണ്. ആയത് പാലിക്കാതെ പ്രൊജക്ടിൽ പദ്ധതി വിഹിതത്തോടൊപ്പം തനത്ഫണ്ട് കൂടി ഉൾപ്പെടുത്തിയത് ക്രമപ്രകാരമല്ല .

| ഫണ്ടിനം | പിൻവലിച്ച തുക | ബിൽ വിവരം | യഥാർത്ഥ ചെലവ് | ചെലവഴിക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| തനത് ഫണ്ട് | 4498052 | - | 11211200 | 631400 |
| വികസനഫണ്ട് | 7344548 | ബിൽ നമ്പർ - 4-16-17 തീയതി 24.09.16 ,<br>ബിൽനമ്പർ - 2-16-17 തീയതി 31.08.16,<br>ബിൽ നമ്പർ - 3/16-17 തീയതി 24.09.16,<br>ബിൽ നമ്പർ - | | |

| | | | | |
|---|---|---|---|---|
| | | 7/16-17 തീയതി 4.10.16,<br><br>ബിൽ നമ്പർ - 9/16-17 തീയതി 21.12.16, ബിൽ നമ്പർ - 05/16-17 തീയതി 04.10.16,<br><br>ബിൽ നമ്പർ - 06/16-17 തീയതി 04.10.16. | | |
| ആകെ | 11842600 | | 11211200 | 631400 |

കേന്ദ്രവിഹിതം ലഭ്യമായതിന്റെ വിവരം

| | | | |
|---|---|---|---|
| കേന്ദ്ര ഫണ്ട് | 6921000 | ചെക്ക് നം.122636/ 27.12.16 - 3229800<br><br>ചെക്ക് നം.111507/ 17.03.17 – 3691200 | ലഭ്യമായ 6921000/- രൂപ കനറ ബാങ്കിലെ (അക്കൗണ്ട് നമ്പർ-0740101028873)<br><br>തനത് ഫണ്ട് അക്കൗണ്ടിലേക്ക് നിക്ഷേപിച്ചിട്ടുണ്ട്. |
| | | ആകെ- 6921000 | |

2016-17. സാമ്പത്തിക വർഷത്തിൽ ലഭ്യമായ കേന്ദ്രവിഹിതം തനത്ഫണ്ടിലേക്ക് മുതൽക്കൂട്ടിയത് മറ്റു വികസനപ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തേണ്ടതാണ്.

2016-17 വർഷത്തിൽ എഗ്രിമെന്റ് വച്ച 769 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിന്

ആവശ്യമായ തുക 11842600/- രൂപ പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചതിൽ 631400 രൂപ വിതരണം ചെയ്യാതെ ബാക്കിയുണ്ട്. ആകെ 769 ഗുണഭോക്താക്കളിൽ 688 ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തികരിച്ചിട്ടുണ്ട്. 80 ഗുണഭോക്താക്കൾ ഒരു ഗഡു മാത്രം കൈപ്പറ്റി കക്കൂസ് നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. പാട്ടിയമ്മാൾ w/o പഴനി , സർക്കാർപതി എന്ന ഗുണഭോക്താവ് ധനസഹായം കൈപ്പറ്റിയിട്ടില്ല, നിർമ്മാണം ആരംഭിച്ചിട്ടില്ല. .ഈ ഗുണഭോക്താക്കളുടെ നിർമ്മാണ പ്രവർത്തികൾ പൂർത്തികരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ എൻക്വയറിക്ക (നമ്പർ-11 തീയതി 23.06.17) മറുപടി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ച് തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കക്കൂസ് നിർമ്മാണം ആരംഭിക്കാത്ത പാട്ടിയമ്മാൾ എന്ന ഗുണഭോക്താവ് നിർമ്മാണ പ്രവർത്തികൾ തുടങ്ങിയില്ലെങ്കിൽ ടിയാളുടെ പദ്ധതി തുക തിരിച്ചടച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-14 നിർവ്വഹണ ഉദ്യോഗസ്ഥർ നിശ്ചിതമാതൃകയിലുള്ള ക്യാഷ്ബുക്ക് ഉപയോഗിക്കുന്നില്ല.

2016 - 2017 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥരായ ഐ.സി.ഡി.എസ് . സൂപ്പർവൈസർ, എച്ച്.എം , കൃഷി ഓഫീസർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ എന്നീ ഉദ്യോഗസ്ഥർ T.R.7A ക്യാഷ്ബുക്ക് ഉപയോഗിച്ചിട്ടില്ല. എന്നാൽ ജി.ഒ.(പി) നമ്പർ 119/2015 ധനം തീയതി 21.03.15 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ T.R.7A ക്യാഷ്ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവുചെലവു വിവരം രേഖപ്പെടുത്തണം എന്നു നിഷ്കർഷിക്കുന്നുണ്ട്. വരും വർഷങ്ങളിൽ ഇത്തരം അപാകത ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-15 ഭവനനിർമ്മാണം- വനിത -ധനസഹായം കൈപ്പറ്റി നിർമ്മാണം പൂർത്തികരിച്ചില്ല.

പ്രോജക്റ്റ് നമ്പർ SOO12-17 - ഭവനനിർമ്മാണം- വനിത 15-16
നിർവ്വഹണഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
ആകെ അടങ്കൽ - 3120000
ചെലവ് - 1980000

ബിൽനമ്പർ - 1/16-17 തീയതി 31.08.16

ബിൽനമ്പർ - 10/16-17 തീയതി 21.12.16

ബിൽനമ്പർ - 12 /16-17 തീയതി 27.02.17

ബിൽനമ്പർ - 14/16-17 തീയതി 17.03.17

ബിൽനമ്പർ - 16/16-17 തീയതി 24.03.17

ബിൽനമ്പർ - 17/16-17 തീയതി 31.03.17

പ്രോജക്ട് നമ്പർ SOO12-17 - ഭവനനിർമ്മാണം - വനിത 15-16 എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന ഗുണഭോക്താക്കൾ പദ്ധതി തുകയുടെ വിവിധ ഗഡുക്കൾ കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ഈ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്ന മുറക്ക് വിവരം അറിയിക്കുന്നതാണ് എന്ന് നിർവ്വഹണഉദ്യോഗസ്ഥൻ എൻക്വയറിക്കു (നമ്പർ-14, തീയതി 23.06.17) മറുപടി നൽകിയിട്ടുണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| പേര് | കൈപ്പറ്റിയ തുക | തീയതി |
|---|---|---|
| സിലോമണി | 1st ഗഡു - 20000<br>2nd ഗഡു - 60000<br>3rd ഗഡു -60000<br>4th ഗഡു - 40000 | 25.02.16<br>29.03.16<br>26.09.16<br>05.01.17 |
| പാർവതി | 1st ഗഡു - 20000 | 10.01.17 |
| യശോദ | 1st ഗഡു - 20000<br>2nd ഗഡു - 60000<br>3rd ഗഡു - 60000<br>4th ഗഡു - 40000 | 10.01.17<br>രേഖപ്പെടുത്തിയിട്ടില്ല<br>രേഖപ്പെടുത്തിയിട്ടില്ല<br>രേഖപ്പെടുത്തിയിട്ടില്ല |
| വസുമതി | 1st ഗഡു - 20000<br>2nd ഗഡു - 60000 | രേഖപ്പെടുത്തിയിട്ടില്ല<br>രേഖപ്പെടുത്തിയിട്ടില്ല |
| സത്യഭാമ | 1st ഗഡു -20000 | രേഖപ്പെടുത്തിയിട്ടില്ല |

| | | |
|---|---|---|
| | 2nd ഗഡു - 60000 | രേഖപ്പെടുത്തിയിട്ടില്ല |
| വിലാസിനി | 1st ഗഡു - 20000<br>2nd ഗഡു - 60000 | രേഖപ്പെടുത്തിയിട്ടില്ല<br>രേഖപ്പെടുത്തിയിട്ടില്ല |
| ശെൽവനായകം | 1st ഗഡു - 20000 | രേഖപ്പെടുത്തിയിട്ടില്ല |
| ബാലകൃഷ്ണവേണി | 1st ഗഡു - 20000 | രേഖപ്പെടുത്തിയിട്ടില്ല |
| സിന്ധു | 1st ഗഡു - 20000 | രേഖപ്പെടുത്തിയിട്ടില്ല |

ജി.ഒ.(എം.എസ്) 4/2016 ത.സ്വ.ഭ.വ. 11.01.16 ഉത്തരവു പ്രകാരം സമ്പൂർണ്ണ പാർപ്പിടപദ്ധതി നടപ്പിലാക്കിക്കഴിഞ്ഞ സാഹചര്യത്തിൽ ഭവന രഹിതരുടെ എണ്ണം കുറവായതിനാൽ ഓരോ വർഷവും വീടിനുവേണ്ടി പുതുതായി ഉണ്ടാകുന്ന അപേക്ഷകൾക്ക് ഐ.എ.വൈ, പി.എം.എ.വൈ എന്നീ കേന്ദ്രാവിഷ്കൃതപരിപാടികളിലൂടെ വീട് ലഭ്യമാക്കാൻ കഴിയുന്നതിനാൽ ഗ്രാമ,ബ്ളോക്ക് ജില്ലാ പഞ്ചായത്തുകൾ സ്വന്തമായി ഭവന നിർമ്മാണ പ്രോജക്ടുകൾ ഏറ്റെടുക്കാൻ പാടില്ല എന്നു നിഷ്കർഷിക്കുന്നുണ്ട് ഈ നിർദ്ദേശം പാലിക്കപ്പെടേണ്ടതാണ്.

## 3-16 ശാരീരിക വൈകല്യമുള്ളവർക്ക് ഭവനനിർമ്മാണ ധനസഹായം - ധനസഹായം കൈപ്പറ്റി നിർമ്മാണം പൂർത്തികരിച്ചില്ല.

പ്രോജക്ട് നമ്പർ S0091-17 - ശാരീരിക വൈകല്യമുള്ളവർക്ക് ഭവനനിർമ്മാണം

നിർവ്വഹണഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ആകെ അടങ്കൽ - 1200000

ചെലവ് - 200000

ബിൽ നമ്പർ - 15/16-17 തീയതി 17.03.17

ബിൽ നമ്പർ - 18/16-17 തീയതി 31.03.17

പ്രോജക്ട് നമ്പർ S0091-17 - ശാരീരിക വൈകല്യമുള്ളവർക്ക് ഭവനനിർമ്മാണ ധനസഹായം 2016-17 പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന ഗുണഭോക്താക്കൾ പദ്ധതി തുകയുടെ വിവിധ ഗഡുക്കൾ കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഈ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം

പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് നിർവ്വഹണഉദ്യോഗസ്ഥൻ എൻക്വയറിക്ക (നമ്പർ - 15, തീയതി 23.06.17) മറുപടി നൽകിയിട്ടുണ്ട് ഈ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണ പ്രവർത്തികൾ ത്വരിതപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| പേര് & അഡ്രസ്സ് | കൈപ്പറ്റിയ തുക | തീയതി |
|---|---|---|
| രവീന്ദ്രൻ, s/o.കേശവൻ, ഉപ്പുക്കാരൻചള്ള | 1st ഗഡു - 20000<br>2nd ഗഡു - 60000 | 17.03.17<br>31.03.17 |
| ഗുരുവായൂരപ്പൻ, s/o അരുണാചലം , മുല്ലയ്ക്കൽചള്ള | 1st ഗഡു - 20000 | 31.03.17 |
| മണികണ്ഠൻ, s/o.കേശവൻ വേലകവാരനറണി | 1st ഗഡു - 20000<br>2nd ഗഡു - 60000 | 17.03.17<br>31.03.17 |
| പ്രേമ, w/o.പാണ്ഡ്യൻ, അഞ്ചുവെള്ളക്കാട് | 1st ഗഡു - 20000 | 17.03.17 |

ജി.ഒ.(എം.എസ്) 4/2016 ത.സ്വ.ഭ.വ. 11.01.16 ഉത്തരവ് പ്രകാരം സമ്പൂർണ്ണ പാർപ്പിടപദ്ധതി നടപ്പിലാക്കിക്കഴിഞ്ഞ സാഹചര്യത്തിൽ ഭവന രഹിതരുടെ എണ്ണം കുറവായതിനാൽ ഓരോ വർഷവും വീടിനുവേണ്ടി പുതുതായി ഉണ്ടാകുന്ന അപേക്ഷകൾക്ക് ഐ.എ.വൈ, പി.എം.എ.വൈ എന്നീ കേന്ദ്രാവിഷ്കൃതപരിപാടികളിലൂടെ വീട് ലഭ്യമാക്കാൻ കഴിയുന്നതിനാൽ ഗ്രാമ,ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ സ്വന്തമായി ഭവന നിർമ്മാണ പ്രോജക്ടുകൾ ഏറ്റെടുക്കാൻ പാടില്ല എന്ന നിഷ്കർഷിക്കുന്നുണ്ട് ഈ നിർദ്ദേശം പാലിക്കപ്പെടേണ്ടതാണ്.

## 3-17 വികലാംഗർക്കുള്ള സ്കോളർഷിപ്പ് -അർഹമായനിരക്കിലും കുറവായനിരക്കിൽ സ്കോളർഷിപ്പ് നൽകി.

പ്രോജക്റ്റ് നമ്പർ SO35/17, ശാരീരിക മാനസീക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പ്രോജക്ടുമായി ബന്ധപ്പെട്ട് പ്ലാൻ ഫണ്ടിൽ നിന്നും അനുവദിച്ച 355800/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ് സൂപ്പർവൈസർ വിദ്യാർത്ഥികൾക്കായി വിതരണം

ചെയ്തിട്ടുണ്ട്. എന്നാൽ ജി.ഒ.എം.എസ്.4/2016/ത.സ്വ.ഭ.വ തീ.11.1.16 പ്രകാരമുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 5.8-ൽ നിർദ്ദേശിച്ചിട്ടുള്ളതിലും കുറവായ നിരക്കിലാണ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയിട്ടുള്ളത്. ഏതാനും ഉദാഹരണങ്ങൾ താഴെ പറയുന്നു.

| ക്രമ നമ്പർ | വിദ്യാർത്ഥികളുടെ പേര്, | ക്ലാസ്സ് | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | കുറവ് |
|---|---|---|---|---|---|
| 1 | കവിത | 10th | 6600 | 8000 | 1400 |
| 2 | ശ്രീവിദ്യ | 12th | 6600 | 8000 | 1400 |
| 3 | അഖിലേഷ്. | നഴ്സറി | 4800 | 5300 | 500 |
| 4 | മുഷബീറ | 5th | 5500 | 6600 | 1100 |
| 5 | അനന്തകൃഷ്ണൻ | 12th | 6600 | 8000 | 1400 |

വരും വർഷങ്ങളിൽ പ്രോജക്ട് നിർവ്വഹണം നടത്തുമ്പോൾ സ്കോളർഷിപ്പ് ഇനത്തിൽ അർഹമായ തുക വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്നു എന്ന് ഉറപ്പുവരുത്തുവാൻ നിർവ്വഹണ ഉദ്യോഗസ്ഥ ശ്രദ്ധിക്കേണ്ടതാണ്.

# 3-18 പാലിയേറ്റീവ്കെയർ പദ്ധതി- മരുന്നുകൾ ലഭ്യമാക്കേണ്ടതാണ്.

പ്രോജക്ട് നം.- 49/17
നിർവഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

ബിൽ നം.-10/16-17, 109153/- തി. 30-03-2017

പാലിയേറ്റീവ് കെയർ പദ്ധതിയുടെ നടത്തിപ്പിന്റെ ഭാഗമായി രോഗികൾക്ക് മരുന്ന് വാങ്ങുന്നതിനായി 2016-17 വർഷത്തിൽ 50000/- രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ മേൽ സ്ഥാപനത്തിൽ നിന്നും നാളിതുവരെയും മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# 3-19 മരാമത്ത് പ്രവൃത്തികളുടെ കരാറുകാരൻ കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയിട്ടും നിയമാനുസൃത പിഴ ഈടാക്കിയില്ല

സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ, ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽകൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2016-17 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | ടെണ്ടർ അംഗീകരിച്ച തിയതി | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | എഗ്രിമെന്റ് വെച്ച തിയതി, നം. | ഈടാക്കേണ്ടിയിരുന്ന പിഴ (1%) |
|---|---|---|---|---|---|
| 1 | 143/16, 23/17– പഞ്ചായത്ത് കെട്ടിട നിർമ്മാണം<br>അടങ്കൽ - 900000/-<br>പി.എ.സി. –897193/-<br>കരാറുകാരൻ - ശ്രീ. ശശികുമാർ<br>എം.ബുക്ക് നം. - 66/15-16, 7/15-16<br>ട്രഷറി ചെക്ക് | 17.12.15 | 7.1.2016 | 21.1.16<br>നം. 65/AE/LSGD /PRTY/15-16 | 8971 |

| | | | | | |
|---|---|---|---|---|---|
| | നം. 1383347/4.8.16 | | | | |
| | ആകെ | | | | 8971 |

ഈടാക്കുവാൻ വിട്ടുപോയ പിഴ കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്. തുകയുടെ ഒടുക്കിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തുക ഈടാക്കി ഒടുക്കാം എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ പ്രവർത്തിയിൽ 0.1% ടെണ്ടർ ബിലോ കുറവു ചെയ്യാതെയാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്. ഓഡിറ്റ് എൻക്വയറി നം.12/23.6.17 പ്രകാരം ആവശ്യപ്പെട്ടതിൻ പ്രകാരം ₹.900/- രസീത് നം. 117040100884/24.6.17 പ്രകാരം ഒടുക്കിയിട്ടുണ്ട്.

## 3-20 മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പുപദ്ധതി- വേതനകുടിശ്ശിക നിലനിൽക്കുന്നു.

2016-2017 സാമ്പത്തീക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ ദേശീയ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ 2016-2017 കാലയളവിൽ പൂർത്തീകരിച്ച 178 പ്രവർത്തികളുടെ വേതനം നൽകേണ്ടയിനത്തിൽ ആകെ 2466 തൊഴിലാളികൾക്കായി 15737804/-രൂപ പരിശോധിച്ചതിൽ കുടിശ്ശികയായി നിലനിൽക്കുന്നു. തൊഴിലുറപ്പ് പദ്ധതി ആകട് സെക്ഷൻ 3 (3), തദ്ദേശസ്വയംഭരണ വകുപ്പിന്റെ 06.02.15-ലെ സർക്കുലർ നമ്പർ.66791/ഡി.ഡി.2 /14,തൊഴിലുറപ്പ് പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ പ്രകാരം തൊഴിലാളികൾക്ക് കൂലി ആഴ്ചയിൽ ഒരു ദിവസം നൽകേണ്ടതും ഒരു കാരണവശാലും മസ്റ്റർറോൾ ക്ലോസ്സ് ചെയ്ത തിയ്യതി മുതൽ 15 ദിവസത്തിൽ അധികരിക്കുവാൻ പാടില്ലാത്തതുമാണെന്നും നിശ്ചിത നാൾക്കകം കൂലി ലഭ്യമാക്കിയില്ലെങ്കിൽ കാലതാമസം വരുന്ന ഓരോ ദിവസത്തിനും 0.05% നിരക്കിൽ നഷ്ടപരിഹാരം നൽകേണ്ടതുമാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ വേതന കുടിശ്ശിക കൊടുത്തു തീർക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2016-17 | 3000000 | സമൃദ്ധി നെൽകൃഷി | 3000000 | --- |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 300000 | കിടപ്പിലായവർക്കും വയോജനങ്ങൾക്കുമുള്ള സാന്ത്വന പരിപാലനത്തിനും തുടർ ചികിത്സയ്ക്കും വേണ്ടിയുള്ള പദ്ധതി | 0 | 300000 |
| ബ്ലോക്ക് പഞ്ചായത്ത് | 20161-17 | 1239300 | വൃദ്ധ സദനം നിർമ്മിക്കൽ | 0 | 1239300 |

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

2016-17 സാമ്പത്തിക വർഷത്തിൽ ഡെപ്പോസിറ്റ് വർക്കുകൾ ഇല്ല.

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് ഗുണഭോക്തൃ സമിതികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| അഗ്രികൾച്ചർ മാർക്കറ്റ് ലോൺ തിരിച്ചടവ് | 1132/14/ LSGD/തിയതി, 13.5.14 | 6500000 | 5365814 | 736488 | ---- | 4629326 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 1000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു :

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| മലപ്പുറം കോ-ഓപ്പ്റേറ്റീവ് സ്പിന്നിംഗ് മില്ലിന്റെ ഷെയറുകൾ | 1000 |
| ആകെ | 1000 |

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 43859/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2009-10 | 3-9, 3-11 | 22433 | ശ്രീമതി.ബേബിജാൻ, ഐസിഡിഎസ്സ് സൂപ്പർവൈസർ | 116044000027/1.12.16 |
| 2013-14 & 2014-15 | 3-8 | 9726 | ശ്രീ.ആറുമുഖൻ, ഓഫീസ് അറ്റന്റന്റ് | 11604500052/27.10.16 |
| 2013-14 & 2014-15 | 3-8 | 1700 | ശ്രീ.ഷാജി ഡാനിയൽ | 11604101734/7.11.16 |
| 2010-11 | 3-6 | 10000 | ശ്രീ.ശിവാനന്ദ് | 11604400026/19.10.16 |
| ആകെ | | 43859 | | |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3-4 | 2010-11 | 2-14 | കെ.എസ്.ഇ.ബി. വിനിയോഗ സാക്ഷ്യപത്രം സംബന്ധിച്ച് | പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| 2000-2001 | 3.8 | 2005-2006 | 59.1 | ഖാദി സമുച്ചയം അപൂർണ്ണം | സമിതി അന്തിമ തീർപ്പ് |

| | | | | | |
|---|---|---|---|---|---|
| | | | | | കൽപ്പിച്ചിട്ടില്ല. |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പുൾപ്പെടെ) | ₹. 104198632.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹. 22669603.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ---- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹. 8971.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹.628150.00 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-19 | | 8971 | ഷമിത.പി, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 8971 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ<br>പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-9 | 128150 | 70800 -മഹേഷ് കുമാർ.എസ്, സെക്രട്ടറി<br>12350 – അമിത.സി.ഒ, സെക്രട്ടറി<br>27000 - രാധ.എൻ, സെക്രട്ടറി ഇൻചാർജ്ജ്<br>18000 -ബീഗം സൈന, സെക്രട്ടറി |
| 3-12 | 500000 | രാധ.എൻ., അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 628150 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഷമിത.പി.,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>പെരുമാട്ടി ഗ്രാമ പഞ്ചായത്ത് | കൃഷ്ണപ്രഭ,<br>കറുകമണി റോഡ്,<br>മൂച്ചിക്കാട്, പനയൂർ (പി.ഒ.),<br>പാലക്കാട് - 678552 |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | എൽ.എഫ്.പി-8/127/98/6.10.00<br>ചെലവ്<br>എൽ.എഫ്.പി-12/24/02/31.1.02<br>വരവ് | ഫർദർ റിമാർക്സ് |
| 1997-98 | എൽ.എഫ്.പി-12/966/01/10.1.01 | ടി |
| 1998-99 | എൽ.എഫ്.പി-12/84/03/9.5.03<br>ചെലവ്<br>എൽ.എഫ്.പി-12/801/07/20.6.07<br>വരവ് | ടി |
| 1999-00 | എൽ.എഫ്.പി-11/823/06/6.10.06 | ടി |
| 2000-01 | എൽ.എഫ്.പി-11/1734/07/4.4.08 | ടി |
| 2001-02 | എൽ.എഫ്.പി-11/1156/08/11.2.09 | ടി |
| 2002-03 | എൽ.എഫ്.പി-11/1418/08/21.2.09 | ടി |
| 2003-04 | എൽ.എഫ്.പി-11/2131/11/27.12.11 | ടി |
| 2004-05 | എൽ.എഫ്.പി-11/21307/11/27.12.11 | ടി |
| 2005-06 | എൽ.എഫ്.പി-11/2129/11/27.12.11 | ടി |
| 2006-07 | എൽ.എഫ്.പി-11/1736/13/9.12.13 | ടി |
| 2007-08 | എൽ.എഫ്.പി-11/1062/14/8.7.14 | ടി |
| 2008-09 | എൽ.എഫ്.പി-11/95/14(2)/11.2.14 | ടി |
| 2009-10 | എൽ.എഫ്.പി-1156/14/13/9.7.14 | ടി |
| 2010-11 | എൽ.എഫ്.പി-11/1155/14/11.3.14 | ടി |
| 2011-12 | എൽ.എഫ്.പി-11/2011/14/9.2.15 | ടി |
| 2012-13 | എൽ.എഫ്.പി-16/455/15/10.8.15 | ടി |
| 2013-14 & 2014 -2015 | കെ.എസ്.എ.പി.കെ.ഡി -11/1360 /16/02.8.16 | ഓഡിറ്റ് റിപ്പോർട്ട് |
| 2015-16 | കെ.എസ്.എ.പി.കെ.ഡി.11-191-2017/30.01.2017 | ഓഡിറ്റ് റിപ്പോർട്ട് |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ-പി.കെ.ഡി.11-1322/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

ഫോൺ - 04912420145

e-mail – dopkd.ksad@kerala.gov.in

തിയതി-02/09/2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ പെരുമാട്ടി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സാക്ഷ്യപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പെരുമാട്ടി ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

അപാകതകളുടെ സംക്ഷിപ്തം

1. ആസ്തിമൂല്യം തിട്ടപ്പെടുത്തി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No.KSA-PKD-11-1322/2017

Kerala State Audit Department

District Audit Office, Palakkad

Date –02/09/2017

## Audit Certificate

Certified that I have audited the Annual Financial Statement of PERUMATTI Gramapanchayat in Palakkad District for the year ended on 31-3-2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of PERUMATTI Gramapanchayat for the year 2016-17 except the observations attached with this certificate properly presents the picture of income and expenditure.

Deputy Director

## Abstract of Defects

1) Asset values not ascertained and linked with Sankhya.

Deputy Director